310
9/1/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കേരള സാമൂഹ്യ സുരക്ഷാ മിഷൻ - വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകുന്ന വയോമിത്രം പദ്ധതി - പരിഷ്കരിച്ച് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

==========================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(എം.എസ്) നം.103/2014/സാനീവ തിരുവനന്തപുരം, തീയതി, 23.12.2014.

==========================================================================

പരാമർശം (1) സ.ഉ(എം.എസ്) നം.44/2011/സാക്ഷേവ തീയതി 02.09.2011

(2) സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 25.08.2014 ൽ കൂടിയ യോഗതീരുമാനം

(3) കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15.10.2014 ലെ പി1/1434/2014/കെ.എസ്.എസ്.എം നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്തെ എല്ലാ കോർപ്പറേഷൻ/മുൻസിപ്പൽ/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തലത്തിൽ വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകുന്നതിനും ദൈനംദിന ജീവിതം സുഗമമാക്കുന്നതിനും ലക്ഷ്യമിട്ട് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വയോമിത്രം പദ്ധതിയുടെ മാർഗ്ഗരേഖ പരിഷ്കരിച്ച് കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പദ്ധതിയുടെ പുതിയ മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എൽ.എ. ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
തദ്ദേശസ്വയംഭരണ വകുപ്പ്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

(23.12.2014 – ലെ സ.ഉ (എം.എസ്) നം. 103/2014/സാ.നീ.വ – ലെ അനുബന്ധം)

## വയോമിത്രം പദ്ധതി

സാമൂഹ്യ നീതി വകുപ്പിന് കീഴിൽ അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കു വേണ്ടി ഒരു ദൗത്യസംഘമായി പ്രവർത്തിക്കുന്ന വിഭാഗമാണ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ. കുട്ടികൾ, സ്ത്രീകൾ, രോഗികൾ, അനാഥർ, പൂർണ്ണശയ്യാവലംബർ, വയോജനങ്ങൾ, എൻഡോസൾഫാൻ ദുരിതബാധിതർ, അംഗപരിമിതർ തുടങ്ങി സാമൂഹ്യ സുരക്ഷ ആവശ്യമായ മുഴുവൻ ജനവിഭാഗങ്ങൾക്കും വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന സാമൂഹ്യ സുരക്ഷാ മിഷന്റെ വയോജനങ്ങൾക്കായി ആവിഷ്ക്കരിച്ച പ്രധാന പദ്ധതിയാണ് "**വയോമിത്രം**". 65 വയസ്സ് പൂർത്തിയായ മുഴുവൻ വയോജനങ്ങൾക്കും ശാരീരിക, മാനസിക, സാമൂഹിക സംരക്ഷണം ഉറപ്പു വരുത്തുന്ന ഒരു പദ്ധതിയാണിത്.

### പ്രധാന ലക്ഷ്യങ്ങൾ.

- കോർപ്പറേഷൻ/മുൻസിപ്പൽ / ബ്ലോക്ക് / ഗ്രാമപഞ്ചായത്തുതലത്തിൽ വയോജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന നോഡൽ ഏജൻസിയായി പ്രവർത്തിക്കുക.

### ലക്ഷ്യങ്ങൾ.

- സംസ്ഥാനത്തെ മുഴുവൻ വയോജനങ്ങൾക്കും വരുമാന പരിധി മാനദണ്ഡമാക്കാതെ ആരോഗ്യ സംരക്ഷണം നൽകുന്ന പദ്ധതി നടപ്പിലാക്കുക.
- വയോജനങ്ങൾക്ക് എത്തിച്ചേരാൻ പര്യാപ്തമായ വ്യത്യസ്ത കേന്ദ്രങ്ങൾ സജ്ജീകരിച്ച് മൊബൈൽ മെഡിക്കൽ ക്യാമ്പുകളിലൂടെ ഒന്നിടവിട്ട ആഴ്ചകളിൽ വൈദ്യസഹായവും സൗജന്യമരുന്നുകളും ലഭ്യമാക്കുക.
- വയോജനങ്ങളുമായി ബന്ധപ്പെട്ട മുഴുവൻ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള റഫറൽ കേന്ദ്രമായി വർത്തിക്കുക.
- വ്യത്യസ്ത മേഖലകളിൽ പ്രവർത്തിച്ച് കഴിവ് തെളിയിച്ച മുതിർന്ന പൗരന്മാരുടെ സേവനം സമൂഹത്തിനുവേണ്ടി സന്നദ്ധസേവനമെന്നരീതിയിൽ ഉപയോഗപ്പെടുത്തുക.
- വയോധികരുടെ മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് കൗൺസിലിംഗ് സേവനം ലഭ്യമാക്കുക.
- പൂർണ്ണ ശയ്യാവലംബരായ വയോജനങ്ങളെ കണ്ടെത്തി വീടുകളിൽ ചെന്ന്പാലിയേറ്റീവ് സേവനങ്ങൾ നൽകുക.

- ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ശയ്യാവലംബരായ വയോജനങ്ങൾക്ക് ആശുപത്രിയിലേക്കും തിരിച്ച് വീട്ടിലേക്കും സഞ്ചരിക്കാനുള്ള വാഹന സൗകര്യം പ്രദാനം ചെയ്യുക
- വയോജനങ്ങൾക്ക് വേണ്ടി മാനസിക ഉല്ലാസം പ്രദാനം ചെയ്യുന്ന പരിപാടികൾ സംഘടിപ്പിക്കുക.
- വയോജനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പഠനങ്ങളും ഗവേഷണങ്ങളും നടത്തുക.
- വിദ്യാലയങ്ങൾ, ക്ലബുകൾ, റസിഡൻസ് അസോസിയേഷനുകൾ, മറ്റ് കൂട്ടായ്മകൾ എന്നിവ കേന്ദ്രീകരിച്ച് നടക്കുന്ന പരിപാടികളിൽ മുതിർന്ന പൗരന്മാരെ ആദരിക്കുന്ന പരിപാടികൾ കൂടി സംഘടിപ്പിക്കുക. പുതുതലമുറയ്ക്ക് മുതിർന്നവരോട് ആദരവും ബഹുമാനവും ഉണ്ടാകുന്ന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
- കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ താഴെത്തട്ടിലുള്ള ഓഫീസായി വയോമിത്രം ഓഫീസ് പ്രവർത്തിക്കുകയും മിഷന്റെ മറ്റ് പദ്ധതികൾ തദ്ദേശീയമായി ഏകോപിപ്പിക്കുകയും ചെയ്യുക.
- എം.എസ്.ഡബ്യൂ, പാരാമെഡിക്കൽ വിദ്യാർത്ഥികൾക്ക് പാഠ്യപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫീൽഡ് വർക്കിന് സൗകര്യമൊരുക്കുക.

**<u>വയോമിത്രം പദ്ധതി – സ്റ്റാഫ് പാറ്റേൺ</u>**

- സ്റ്റേറ്റ് കോർഡിനേറ്റർ
- റീജിയണൽ കോർഡിനേറ്റർ
- കോർഡിനേറ്റർ
- ഡോക്ടർ
- സ്റ്റാഫ് നഴ്സ്
- ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്
- ഡാറ്റാ എൻട്രി ഓപ്പറേറ്റർ

## പദ്ധതിയിലെ പ്രധാന സേവനങ്ങൾ

### 1. മൊബൈൽ ക്ലിനിക്ക്

ഓരോ വയോമിത്രം പദ്ധതിയുടെയും പരിധിയിൽവരുന്ന ശാരീരിക അസുഖങ്ങൾ നേരിടുന്ന വയോജനങ്ങൾക്കായി ഒന്നോ രണ്ടോ വാർഡുകൾ കേന്ദ്രീകരിച്ച് വയോജനങ്ങൾക്ക് എത്തിച്ചേരാൻ സൗകര്യപ്രദവും, പൊതു സ്വഭാവമുള്ള സ്ഥാപനങ്ങൾ കണ്ടെത്തി അവയെ മൊബൈൽ ക്ലിനിക്ക് കേന്ദ്രമായി

വളർത്തിയെടുക്കുക. അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയ ഇത്തരം കേന്ദ്രങ്ങളിൽ ഒന്നിടവിട്ട ആഴ്ചകളിൽ രണ്ട് മണിക്കൂർ വീതം മൊബൈൽ ക്ലിനിക്കുകൾ മുൻ നിശ്ചയിച്ച സമയപ്രകാരം ക്രമമായ ദിവസങ്ങളിൽ എത്തിച്ചേരുക. മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ്, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തുടങ്ങിയവരുടെ സേവനങ്ങളും ആവശ്യമായ മരുന്നുകളും മൊബൈൽ ക്ലിനിക്കുകളിൽ ഉറപ്പു വരുത്തുക. രജിസ്റ്റർ ചെയ്ത മുഴുവൻ വയോജനങ്ങൾക്കും സേവനം നൽകുക.

**2. ഹെൽപ്പ് ഡെസ്ക്ക്.**

- വയോമിത്രം ഓഫീസുകൾ വയോജനങ്ങൾക്ക് ഉള്ള റഫറൽ സർവ്വീസാക്കി പ്രവർത്തിക്കുന്നതാണ്. (പ്രധാനമായും നൽകുന്ന സേവനങ്ങൾ)

**താഴെപ്പറയുന്ന വിവരങ്ങൾ ശേഖരിച്ചു വയ്ക്കുക.**

വയോജന സേവനവുമായി ബന്ധപ്പെട്ട മുഴുവൻ ഫോൺ നമ്പറുകൾ
ആശുപത്രി, വൃദ്ധമന്ദിരങ്ങൾ, എൻ.ജി.ഒ ആംബുലൻസ്, പോലീസ് എന്നിവയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ
വയോജനങ്ങളുമായി ബന്ധപ്പെട്ട നിയമസഹായങ്ങൾ
വയോജന നയവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ
വയോജനങ്ങൾക്ക് ലഭിക്കേണ്ട സർക്കാർ സഹായങ്ങളുടെ അപേക്ഷകൾ

- പോലീസ് നഗരസഭ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യപ്രവർത്തകർ, സ്കൂൾ, എൻ.എസ്.എസ്, എൻ.സി.സി, സ്ക്കൗട്ട്, ഗൈഡ്സ്, സ്റ്റുഡൻസ് പോലീസ്, റസിഡൻസ് അസോസിയേഷൻ തുടങ്ങിയ കൂട്ടായ്മകളിലെല്ലാം വയോമിത്രത്തിന് ഒരുമിച്ച് ചേർന്ന് പ്രവർത്തിക്കാവുന്നതാണ്.
- തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മുതിർന്ന പൗരൻമാർക്കായുള്ള സേവനങ്ങൾ നടപ്പിലാക്കുന്ന ഏജൻസിയായി വയോമിത്രം പദ്ധതികൾക്ക് പ്രവർത്തിക്കാവുന്നതാണ്.

**3. കൗൺസിലിംഗ്**

മുതിർന്ന പൗരന്മാർ അഭിമുഖീകരിക്കുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് വയോമിത്രം പദ്ധതിയിൽ ആസൂത്രണം ചെയ്യുന്ന ക്ലിനിക്കാണ് കൗൺസിലിംഗ്. ഒറ്റപ്പെടലും, അവഗണനകളും, ശാരീരിക അസുഖങ്ങളും സാമ്പത്തിക പരാധീനതകളും, വയോജനങ്ങൾക്ക് കടുത്ത മാനസിക സംഘർഷങ്ങൾക്ക് വഴിയൊരുക്കും. ഇത്തരം സന്ദർഭങ്ങളിൽ മൊബൈൽ ക്ലിനിക്കുകൾക്കും പാലിയേറ്റീവ്

കെയറിനും ഉപരിയായി പ്രവർത്തിക്കാൻ വയോമിത്രം കൗൺസിലിംഗ് സെന്ററിന് സാധിക്കുന്നതാണ്. വയോമിത്രം കോർഡിനേറ്റർമാർ ആഴ്ചയിൽ ഒരു ദിവസം വയോമിത്രം കൗൺസലറായി പ്രവർത്തിക്കുന്നതാണ്. ഇത്തരം കൗൺസലിംഗിന്റെ റഫറൽ കേന്ദ്രമായി മെഡിക്കൽ ഓഫീസർക്കും, ജനപ്രതിനിധികൾക്കും, സാമൂഹ്യപ്രവർത്തകർക്കും മാറാൻ സാധിക്കും. കൗൺസിലിംഗുമായി ബന്ധപ്പെട്ട മുഴുവൻ ചുമതലകൾ കോർഡിനേറ്ററിൽ നിക്ഷിപ്തമായിരിക്കും.

## ചുമതലകൾ

### സ്റ്റേറ്റ് കോർഡിനേറ്റർ

- പദ്ധതിയുമായി ബന്ധപ്പെട്ട് മിഷന്റെ നയപരമായ തീരുമാനങ്ങൾ താഴെത്തട്ടിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- കേരളത്തിലെ മുഴുവൻ വയോമിത്രം പ്രോജക്ടുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക.
- റീജിയണൽ കോർഡിനേറ്റർമാർ വഴി മാസത്തിൽ ഒരു തവണ പദ്ധതി റിവ്യു നടത്തി എക്സിക്യൂട്ടീവ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുക.
- ആറ് മാസത്തിൽ ഒരു തവണയെങ്കിലും മുഴുവൻ വയോമിത്രം പദ്ധതികളും സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുക.
- പഠന-ഗവേഷണങ്ങൾക്ക് നേതൃത്വം നൽകുകയും ബന്ധപ്പെട്ട റിപ്പോർട്ടുകൾ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്യുക.

### റീജിയണൽ കോർഡിനേറ്റർ

- റീജയണൽ കോർഡിനേറ്ററുടെ പരിധിയിലുള്ള വയോമിത്രം പദ്ധതികൾ ഏകോപിപ്പിക്കുകയും പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുക.
- മാസത്തിൽ ഒരു തവണ വയോമിത്രം പദ്ധതികൾ സന്ദർശിച്ച് സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുക്കുകയും പദ്ധതിയുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പരിശോധിച്ച് റിപ്പോർട്ട് നൽകുക.
- പദ്ധതികളുടെ പ്രതിമാസ റിപ്പോർട്ടുകൾ കൃത്യമായി ശേഖരിച്ച് സ്റ്റേറ്റ് കോർഡിനേറ്റർക്ക് റിപ്പോർട്ട് സമർപ്പിക്കുക.

## കോർഡിനേറ്റർ

- പദ്ധതിയുടെ മുഴുവൻ അഡ്മിനിസ്ട്രേഷൻ ചുമതലയും കോർഡിനേറ്ററിൽ നിക്ഷിപ്തമായിരിക്കും. (അറ്റന്റൻസ്, ഡോക്യുമെന്റേഷൻ, ഫയൽ, തപാൽ.....)
- ഹെൽത്ത് ക്യാമ്പുകൾ :- മൊബൈൽ ക്ലിനിക്കുകൾക്ക് ഉപരിയായി വ്യത്യസ്ത മെഡിക്കൽ ക്യാമ്പുകൾ വയോജനങ്ങൾക്കായി സംഘടിപ്പിക്കുക. (ഉദാ: നേത്ര സംരക്ഷണ ക്യാമ്പുകൾ, ആയുർവേദ ക്യാമ്പുകൾ......എന്നിവ)
- ഡ്രോപ്പ് ഔട്ട് വിശകലനം ചെയ്യുക: – മൊബൈൽ ക്യാമ്പുകളിൽ രജിസ്റ്റർ ചെയ്യുകയും ഒരു തവണയെങ്കിലും പങ്കെടുത്തതിനുശേഷം പിന്നീട് ക്യാമ്പുകളിൽ എത്തിചേരാത്ത ഗുണഭോക്താക്കളെ കണ്ടെത്തുകയും കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ രേഖാപരമായി റിപ്പോർട്ട് ചെയ്യുക.
- വയോമിത്രം വാഹനങ്ങൾ :- പദ്ധതിയിലെ വാഹനങ്ങളുമായി ബന്ധപ്പെട്ട മുഴുവൻ ഉത്തരവാദിത്വവും കോർഡിനേറ്ററിൽ നിക്ഷിപ്തമായിരിക്കും.
- റിവ്യൂ മീറ്റിംഗ് :- മാസം രണ്ടു തവണയെങ്കിലും നിർബന്ധമായും, വയോമിത്രം സ്റ്റാഫ് മീറ്റിംഗ് കോർഡിനേറ്ററുടെ അദ്ധ്യക്ഷതയിൽ നടത്തണം. ബന്ധപ്പെട്ട മിനിട്സുകൾ തയ്യാറാക്കി സൂക്ഷിക്കുക.
- സ്പെഷ്യൽ ഡേ ആക്ടിവിറ്റി :- മുതിർന്ന പൗരന്മാർക്കായി മാസം ഒരു തവണ വയോമിത്രം യൂണിറ്റിന്റെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ഡേ ആക്ടിവിറ്റി സംഘടിപ്പിക്കുക. വൃദ്ധമന്ദിരത്തിലോ, വയോമിത്രം പദ്ധതിയുടെ യൂണിറ്റിന് പുറത്തോ, സ്പെഷ്യൽ ഡേ ആക്ടിവിറ്റി നടത്താവുന്നതാണ്. ക്ലബുകൾ, വയോജങ്ങളുടെ സംഘടനകൾ, സ്കൂളുകൾ റസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയവരുടെ സഹകരണം തേടാവുന്നതാണ്.
- ക്ലസ്റ്ററുകൾ രൂപീകരിക്കുക:- വയോമിത്രം പദ്ധതിയുടെ ഗുണഭോക്താക്കളിലും പദ്ധതി പ്രദേശത്തെ മുതിർന്ന പൗരന്മാർക്കിടയിലും വ്യത്യസ്ത മേഖലകളിൽ പ്രവർത്തിച്ച് കഴിവ് തെളിയിച്ച വ്യക്തിത്വങ്ങളെ കണ്ടെത്തുകയും ഇത്തരം ആളുകളെ സമൂഹത്തിന് ഉതകുന്ന രീതിയിൽ വീണ്ടും പ്രയോജനപ്പെടുത്തുന്നതിനുമായി വയോമിത്രം ക്ലസ്റ്ററുകൾക്ക് രൂപം നൽകുന്നതിന് നേതൃത്വം നൽകുക.
- റിസോഴ്സ്പൂൾ : വ്യത്യസ്ത മേഖലകളിൽ കഴിവ് തെളിയിച്ച പ്രൊഫഷണലുകളെ കണ്ടെത്തി റിസോഴ്സ്പൂൾ രൂപീകരിക്കുക. ഇത്തരം ഗ്രൂപ്പുകളിൽ നിന്ന് ആവശ്യമായ റിസോഴ്സുകളെ സമൂഹത്തിന് പ്രയോജനപ്പെടുത്തുക.

## മെഡിക്കൽ ഓഫീസർ

- മൊബൈൽ ക്ലിനിക്കിന്റെ ചാർജ് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർക്കായിരിക്കും.
- മരുന്നുകൾ, മെഡിക്കൽ രജിസ്റ്ററുകൾ എന്നിവയുമായി ബന്ധപ്പെട്ട സൂപ്പർവിഷൻ.

## സ്റ്റാഫ് നഴ്സ്

- മൊബൈൽ ക്ലിനിക്കിലെ വയോജനങ്ങൾക്ക് ആവശ്യമായ പരിപാലനം നൽകുക. ക്ലിനിക്കിനുള്ളിൽ ഡോക്ടറെ ജോലിയിൽ സഹായിക്കുക .
- മൊബൈൽ ക്ലിനിക്കുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളുടെയും ഇൻചാർജ്. മെഡിക്കൽ രജിസ്റ്ററുകളിൽ ദൈനംദിന കണക്കുകൾ രേഖപ്പെടുത്തുന്നതിന് ജെ.പി.എച്ച്.എൻ - ന്റെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്.
- കോർഡിനേറ്ററുടെ നിർദ്ദേശം അനുസരിച്ച് മിഷന്റെ മറ്റ് പ്രവർത്തനങ്ങളിലും സഹകരിച്ചുവർത്തിക്കുക.

## ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്

- മൊബൈൽ ക്ലിനിക്, പാലീയേറ്റീവ് പ്രവർത്തനങ്ങൾ സ്റ്റാഫ് നഴ്സിനെ സഹായിക്കുക.
- കോർഡിനേറ്ററുടെ നിർദ്ദേശം അനുസരിച്ച് മിഷന്റെ മറ്റ് പ്രവർത്തനങ്ങളിലും സഹകരിച്ചുവർത്തിക്കുക.

## ഡാറ്റാ എൻട്രി ഓപ്പറേറ്റർ

- കോർഡിനേറ്ററുടെ നിർദ്ദേശാനുസരണം മിഷന്റെ ഡാറ്റാ എൻട്രി, ക്ലറിക്കൽ വർക്കുകളുടെ ചുമതല വഹിക്കുക.

## വയോമിത്രം പദ്ധതിയലെ സ്റ്റാഫുകളുടെ നിയമനരീതിയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ

## സ്റ്റേറ്റ് കേർഡിനേറ്റർ

വയോമിത്രം പദ്ധതിയുടെ റീജിയണൽ കോർഡിനേറ്റർമാരിൽ പ്രവർത്തി പരിചയമുള്ള ഏറ്റവും സീനിയറായ വ്യക്തിയെ സ്റ്റേറ്റ് വയോമിത്രം കോർഡിനേറ്ററായി നിയമിക്കാം. (നിലവിൽ റീജിയണൽ കോർഡിനേറ്റർ തസ്തികയിൽ ആരും ഇല്ലെങ്കിൽ വയോമിത്രം കോർഡിനേറ്ററായി 2 വർഷത്തെ പ്രവർത്തി പരിചയമുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ച്

1-ാം റാങ്ക് നേടുന്ന വ്യക്തിയെ സ്റ്റേറ്റ് കോർഡിനേറ്ററായും 2, 3, 4 റാങ്ക് നേടുന്നവരെ റീജിയണൽ കോർഡിനേറ്ററായും നിയമിക്കാവുന്നതാണ്.

## റീജിയണൽ കോർഡിനേറ്റർ

വയോമിത്രം കോർഡിനേറ്ററായി 2 വർഷത്തെ പ്രവർത്തി പരിചയമുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ച് ഇന്റർവ്യു നടത്തി റാങ്ക് അടിസ്ഥാനത്തിൽ റീജിയണൽ കോർഡിനേറ്ററായി നിയമിക്കാവുന്നതാണ്.

## കോർഡിനേറ്റർ

യോഗ്യത – എം.എസ്.ഡബ്ല്യു. അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദാനന്തര ബിരുദം, 1 വർഷത്തിൽ കുറയാത്ത പ്രവർത്തന പരിചയം.

യോഗ്യരായവരിൽനിന്നും സംസ്ഥാനതലത്തിൽ അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി റാങ്കുലിസ്റ്റുകൾ തയ്യാറാക്കുക. റാങ്ക്‌ലിസ്റ്റുകളുടെ കാലാവധി ഒരു വർഷമായിരിക്കും. എക്സിക്യൂട്ടീവ് കമ്മിറ്റിയ്ക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധി 2 വർഷം വരെ ദീർഘിപ്പിക്കാവുന്നതാണ്.

## മെഡിക്കൽ ഓഫീസർ

യോഗ്യത –1. എം.ബി.ബി.എസ്സ് 2. ഫാമിലി മെഡിസിൻലോ ജറിയാട്രിക് മെഡിസിനിലോ ജനറൽ മെഡിസിനിലോ ബിരുദാനന്തരബിരുദമോ ഡിപ്ലോമയോ, 2 ആഴ്ചയിൽ അധികമുള്ളതായിവരുന്ന ട്രെയിനിംഗ് നേടിയവർക്കും മുൻഗണന, പാലിയേറ്റീവ് ട്രെയിനിംഗ് നേടിയവർക്ക് മുൻഗണന. ഗവൺമെന്റ് സർവ്വീസിൽനിന്ന് റിട്ടയർ ചെയ്ത ഡോക്ടർമാർക്കും മുൻഗണന.

യോഗ്യതയുള്ളവരെ സംസ്ഥാനതലത്തിൽ അപേക്ഷ ക്ഷണിച്ച് വാക്ക് – ഇൻ –ഇന്റർവ്യൂ നടത്തി ജില്ലാതല റാങ്കുലിസ്റ്റുകൾ തയ്യാറാക്കുക. റാങ്ക്‌ലിസ്റ്റുകളുടെ കാലാവധി ഒരു വർഷമായിരിക്കും. എക്സിക്യൂട്ടീവ് കമ്മിറ്റിയ്ക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധി 2 വർഷം വരെ ദീർഘിപ്പിക്കാവുന്നതാണ്.

## സ്റ്റാഫ് നേഴ്സ്

യോഗ്യത – ജനറൽ നഴ്സിംഗിൽ ഡിപ്ലോമ പാലിയേറ്റീവ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് മുൻഗണന.

യോഗ്യതയുള്ളവരെ സംസ്ഥാനതലത്തിൽ അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി ജില്ലാതല റാങ്കുലിസ്റ്റുകൾ തയ്യറാക്കേണ്ടതാണ്. റാങ്ക്‌ലിസ്റ്റുകളുടെ കാലാവധി ഒരു വർഷമായിരിക്കും. എക്സിക്യൂട്ടീവ് കമ്മിറ്റിയ്ക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധി 2 വർഷം വരെ ദീർഘിപ്പിക്കാവുന്നതാണ്.

## ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്

യോഗ്യത ജെ.പി.എച്ച്.എൻ. സർട്ടിഫിക്കറ്റ്, പാലിയേറ്റീവ് ട്രെയിനിംഗ് ലഭിച്ചവർക്ക് മുൻഗണന. യോഗ്യതയുള്ളവരെ ജില്ലാതലത്തിൽ അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി ജില്ലാടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കേണ്ടതാണ്. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഒരു വർഷമായിരിക്കും. എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധി 2 വർഷം വരെ ദീർഘിപ്പിക്കാവുന്നതാണ്.

## ഡാറ്റാ എൻട്രി ഓപ്പറേറ്റർ

1. യോഗ്യത എസ്.എസ്.എൽ.സി
2. ഡാറ്റാ എൻട്രി ഓപ്പറേഷൻ കോഴ്സ്
3. കെ.ജി.ടി.ഇ (ഇംഗ്ലീഷ്+ മലയാളം) പരീക്ഷ പാസ്സായിട്ടുള്ളവർക്ക് മുൻഗണന

യോഗ്യതയുള്ളവരെ ജില്ലാതലത്തിൽ അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി ജില്ലാടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കേണ്ടതാണ്. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഒരു വർഷമായിരിക്കും. എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധി 2 വർഷം വരെ ദീർഘിപ്പിക്കാവുന്നതാണ്.

## കുറിപ്പുകൾ:

1. ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റേയും ലഭ്യത പല ജില്ലകളിലും ബുദ്ധിമുട്ടായതുകൊണ്ട് അടിയന്തര സന്ദർഭങ്ങളിൽ റാങ്ക് ലിസ്റ്റിൽ ആളില്ലാതാകുന്ന സമയത്ത് ഡോക്ടറേയും, പാരാമെഡിക്കൽ സ്റ്റാഫിനെയും ദിവസ വേതനത്തിന് നിയോഗിക്കാവുന്ന താണ് അപ്രകാരം ചെയ്യുന്നപക്ഷം വയോമിത്രം കോർഡിനേറ്റർമാർ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്ത് സാധൂകരണം നേടേണ്ടതാണ്.
2. വയോമിത്രം പ്രോജക്ടുകളിലേയ്ക്കുള്ള നിയമനങ്ങളെല്ലാം കരാർ അടിസ്ഥാനത്തിൽ മാത്രമായിരിക്കും. ഇപ്രകാരം നിയമിക്കപ്പെടുന്നവരുടെ സേവനം തുടക്കത്തിൽ 1 വർഷമായിരിക്കും. പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ കരാർ കാലാവധി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയോടെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്.

<u>വിഭവസമാഹരണം</u>

6.5.2013 – ലെ സ.ഉ (സാ.ധാ) 1209/2013/ത.സ്വ.ഭ നമ്പർ ഉത്തരവു പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ അവശതയനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി ജില്ലാ പഞ്ചായത്ത്/ കോർപ്പറേഷൻ 25 ലക്ഷം രൂപ, ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി 10 ലക്ഷം രൂപ, ഗ്രാമപഞ്ചായത്തുകൾ 5 ലക്ഷം രൂപ എന്ന പരമാവധി നിരക്കിൽ എല്ലാ സാമ്പത്തിക വർഷവും തനത് /പ്ലാൻ ഫണ്ടിൽ നിന്നും സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകിയിട്ടുണ്ട്. മേൽപറഞ്ഞ നിരക്കിൽ സംഭാവനകൾ നൽകുന്ന കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും വയോമിത്രം പദ്ധതി നടപ്പിലാക്കുന്നതാണ്. അടുത്ത ഘട്ടത്തിൽ വയോമിത്രം പദ്ധതി ബ്ലോക്ക് അടിസ്ഥാനത്തിലും വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. അപ്രകാരം ബ്ലോക്ക് അടിസ്ഥാനത്തിൽ വയോമിത്രം പദ്ധതി ആരംഭിക്കുമ്പോൾ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തും അതിനു കീഴിൽ വരുന്ന ഗ്രാമപഞ്ചായത്തുകളും മേൽ സൂചിപ്പിച്ച തുക സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന നൽകേണ്ടതുമാണ്. പദ്ധതി നടത്തിപ്പിന് വേണ്ടി വരുന്ന ശേഷിക്കുന്ന തുക മിഷന് സർക്കാരിൽ നിന്ന് ലഭിക്കുന്ന ധനസഹായത്തിൽ നിന്നും കണ്ടെത്താവുന്നതാണ്.

മേൽപ്പറഞ്ഞ കാര്യങ്ങൾ കൂടാതെ, അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാകാത്ത വിധം സാമൂഹ്യ സുരക്ഷാ മിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിന് ഗുണകരമായി നിർണ്ണയിക്കുന്ന വിഷയങ്ങൾ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്. അധികസാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കുന്നകാര്യങ്ങളിൽ സർക്കാരിൽനിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

<u>പാലിയേറ്റീവ് സേവനം</u>

മൊബൈൽ ക്ലിനിക്കുകളിൽ എത്തിച്ചേരാൻ സാധിക്കാത്ത പൂർണ്ണശയ്യാവലംബരായ വയോജനങ്ങളെ വീടുകളിലെത്തി പാലിയേറ്റീവ് സേവനം നൽകുകയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. നഗരസഭകൾ പാലിയേറ്റീവ് സേവനത്തിന് ആവശ്യമായ ഫണ്ട് മാറ്റിവെച്ച് പദ്ധതി നടത്തിപ്പിനായി കേരള സാമൂഹ്യ സുരക്ഷാ മിഷനെ ചുമതലപ്പെടുത്തുന്ന പക്ഷം പാലിയേറ്റീവ് സേവനം നടത്തുന്നതിനുള്ള നടപടികൾ വയോമിത്രം ഏറ്റെടുക്കുന്നതാണ്. (ജനപ്രതിനിധികൾ, വോളന്റിയർ സംഘടനകൾ, ജില്ലാ /താലൂക്ക് ആശുപത്രി അധികൃതർ തുടങ്ങിയവർ മുഖേന പാലിയേറ്റീവ് സേവനം ആവശ്യമുള്ള ഗുണഭോക്താക്കളെ കണ്ടെത്താനുള്ള ശ്രമങ്ങളും നടത്തേണ്ടതാണ്.)

*****************

സെക്ഷൻ ഓഫീസർ